<u>15 -ാം കേരള നിയമസഭ</u>

<u>3 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 652</u> <u>05-10-2021 - ൽ മറുപടിയ്ക്ക്</u>

<u>എടക്കര സബ് സ്റ്റേഷനിൽ നിന്നുള്ള വൈദ്യുതി വിതരണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | **Shri. K. Krishnankutty**<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ നിയോജകമണ്ഡലത്തിലെ എടക്കര 66 കെ.വി. സബ് സ്റ്റേഷൻ 110 കെ.വി. യായി ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | (എ) | എടക്കര സബ്സ്റ്റേഷനിലെ ഒരു 12.5 MVA, 110/11 KV ട്രാൻസ്ഫോർമർ 10.05.2021-നും രണ്ടാമത്തെ 12.5 MVA, 110/11 KV ട്രാൻസ്ഫോർമർ 18.09.2021-നും കമ്മീഷൻ ചെയ്ത് എടക്കര സബ്സ്റ്റേഷന്റെ ശേഷി 66 KV യിൽ നിന്നും 110 KV ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) | എടക്കര സബ് സ്റ്റേഷന് കീഴിൽ വഴിക്കടവ്, മൂത്തേടം, എടക്കര എന്നീ പഞ്ചായത്തുകളിൽ പതിവായി വൈദ്യുതി വിതരണം മുടങ്ങുന്നതു മൂലം ജനങ്ങൾ ബുദ്ധിമുട്ടിലാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | എടക്കര സബ്സ്റ്റേഷനിൽ നിന്നും നിരന്തരമായി വൈദ്യുതി മുടക്കം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് വേണ്ടി വൈദ്യുതി ഓഫ് ചെയ്യേണ്ടി വന്നിട്ടുണ്ട്. ഇതല്ലാതെ ചില സാങ്കേതിക തകരാറുകൾ മൂലവും വൈദ്യുതി മുടക്കം ഉണ്ടായിട്ടുണ്ട്. ഷെഡ്യൂൾ ചെയ്ത പ്രവൃത്തികളുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള വൈദ്യുതി തടസ്സങ്ങൾ വാർത്താ വിതരണ മാധ്യമങ്ങളിലൂടെ പൊതുജനങ്ങളെ മുൻകൂട്ടി അറിയിച്ചിട്ടുണ്ടായിരുന്നു. |
| (സി) | 2021 ജനുവരി മുതൽ നാളിതുവരെ എത്ര തവണയാണ് എടക്കര സബ് സ്റ്റേഷനിൽ നിന്നുള്ള വൈദ്യുതി വിതരണത്തിൽ ഒരു മണിക്കൂറിലധികം സമയം തടസ്സങ്ങളുണ്ടായതെന്നും വിതരണം നിലച്ചതിന്റെ ദൈർഘ്യവും തീയതികളും കാരണവും അടക്കമുള്ള വിശദാംശം ലഭ്യമാക്കാമോ; | (സി) | 2021 ജനുവരി മുതൽ 25.09.2021 വരെ എടക്കര സബ്സ്റ്റേഷനിൽ നിന്നും ഉണ്ടായിട്ടുള്ള ഒരു മണിക്കൂറിൽ കൂടുതൽ ദൈർഘ്യമുള്ള വൈദ്യുതി മുടക്കങ്ങളുടെ വിശദാംശങ്ങൾ താഴെ പറയുന്നു. |
| (ഡി) | നിലമ്പൂർ ലൈനിൽ നിന്നുള്ള വൈദ്യുതി മുടങ്ങുമ്പോൾ പകരമായി പോത്തുകല്ല് സബ് സ്റ്റേഷനിൽ നിന്നോ മറ്റേതെങ്കിലും സബ്സ്റ്റേഷനുകളിൽ നിന്നോ എടക്കര സബ് സ്റ്റേഷനിലേക്ക് താൽക്കാലികമായി വൈദ്യുതി എത്തിക്കുന്നതിന് കെ.എസ്.ഇ.ബി. പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ഇതിനായി പദ്ധതി തയ്യാറാക്കാൻ നിർദ്ദേശിക്കുമോയെന്നും വ്യക്തമാക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ? | (ഡി) | 110 KV നിലമ്പൂർ സബ്സ്റ്റേഷനിൽ നിന്നാണ് നിലവിൽ 33 KV പോത്തുകല്ല് സബ്സ്റ്റേഷനിലേക്കും 110 KV എടക്കര സബ്സ്റ്റേഷനിലേക്കും വൈദ്യുതി എത്തിക്കുന്നത്. നിലമ്പൂർ സബ്സ്റ്റേഷനിൽ നിന്നുള്ള വൈദ്യുതി മുടങ്ങുമ്പോൾ എടക്കര സബ്സ്റ്റേഷനിലെ മുഴുവൻ ലോഡും സപ്ലൈ ചെയ്യുന്നതിനുള്ള കപ്പാസിറ്റി പോത്തുകല്ല് സബ്സ്റ്റേഷനോ പൂക്കോട്ടുമ്പാടം സബ്സ്റ്റേഷനോ ഇല്ല. ആയതിനാൽ ടി സബ്സ്റ്റേഷനുകളിൽ നിന്നും എടക്കര |

| | | | |
|---|---|---|---|
| | | | സബ്സ്റ്റേഷനിലേക്ക് വൈദ്യുതി എത്തിക്കുന്നതിനുള്ള പകരം സംവിധാനം സാങ്കേതികമായി സാധ്യമല്ല എന്നാൽ നിലമ്പൂർ സബ്സ്റ്റേഷനിലേക്കുള്ള പകരം സംവിധാനമായി അരീക്കോട് നിന്നും നിലമ്പൂരേക്കുള്ള 110 കെ.വി DC ലൈനിനുള്ള പ്രൊപ്പോസൽ 22-23ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

652- Annexure

| തീയതി | സമയം | കാരണം |
|---|---|---|
| 14.03.2021 | 7 hrs to 19.52 hrs | ശേഷി വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തി. |
| 25.04.2021 | 7.45 hrs to 11.22 hrs | ശേഷി വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തി. |
| 25.04.2021 | 18.40 hrs to 21.29 hrs | ശേഷി വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തി. |
| 11.09.2021 | 11 hrs to 17.47 hrs | ശേഷി വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തി. |
| 11.09.2021 to 12.09.2021 | 17.47 hrs to 23.30 hrs (12.09.2021) | 11 kV ബ്രേക്കർ തകരാർ |
| 19.09.2021 | 8 hrs to 18.21 hrs | ശേഷി വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തി |
| 25.09.2021 | 7.54 hrs to 15.52 hrs | ശേഷി വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തി |
| 25.09.2021 | 16.57 hrs to 18.42 hrs | വിതരണ ഫീഡറിലെ തകരാറ് |